(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ 1.50 കോടിയോളം തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

**കയർ മേഖലയിലെ തൊഴിലാളികളുടെ എണ്ണം**

221 (7192) ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. ജി. സുധാകരൻ:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏതായാലും കയർ മേഖലയിൽ ഏകദേശം 3.75 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായും ഇതിൽ അമ്പത് ശതമാനത്തോളം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നതായും കണക്കാക്കപ്പെടുന്നു.

**കയർ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ**

222 (7193) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വികസന വകുപ്പിനുകീഴിൽ സംയോജിത കയർവ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഏതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതുവരെ എവിടെയെല്ലാം എത്ര വീതം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സംഘങ്ങൾക്ക് എന്തുസഹായമാണ് സർക്കാർ നൽകുന്നത് ;

(ഇ) കയർപിരി മേഖലയിൽ കൂടുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രോജക്ട് ഓഫീസിൽ അനുമതി നൽകാതിരിക്കുന്നത് സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ എന്നറിയിക്കുമോ ?

**ഉത്തരം**

(എ) കയറുമായി ബന്ധപ്പെട്ട തൊണ്ടു സംഭരണം, കയറും കയറുല്പന്നങ്ങളുടെയും നിർമ്മാണം, വിപണനം തുടങ്ങിയകാര്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ 201 സംയോജിത കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

<u>പ്രോജക്ട് ഓഫീസ്</u>

| | |
|---|---|
| 1. ചിറയിൻകീഴ് | 06 |
| 2. കൊല്ലം | 21 |
| 3. കായംകുളം | 44 |
| 4. ആലപ്പുഴ | 49 |
| 5. വൈക്കം | 20 |
| 6. പൊന്നാനി | 33 |
| 7. കോഴിക്കോട് | 11 |
| 8. കണ്ണൂർ | 17 |
| ആകെ | 201 |

(സി) ഓരോ സംഘത്തിന്റെയും ബൈലായിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനപരിധി നിശ്ചയിക്കാവുന്നതാണ്. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ അതേ ഉദ്ദേശത്തോടുകൂടിയ മറ്റൊരു സഹകരണ സംഘം രജിസ്റ്റർ ചെയ്യാൻ പാടില്ല എന്ന രീതിയിൽ പ്രവർത്തന പരിധി സഹകരണ നിയമത്തിലും അതനുസരിച്ച് തയ്യാറാക്കുന്ന ബൈലായിലും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സംഘങ്ങളുടെയും അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം.

(ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിച്ച സംയോജിത സംഘങ്ങൾക്ക് പ്രോജക്ട് ഓഫീസറുടെ ശിപാർശ പ്രകാരം സർക്കാർ ഓഹരി പങ്കാളിത്തമാണ് പ്രധാനമായും പൊതുവായി നൽകിയിട്ടുള്ളത്.

(ഇ) ഇത്തരത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

**എറണാകുളം ജില്ലാ കയർ പ്രോജക്ട് ഓഫീസ് മാറ്റുവാനുള്ള തീരുമാനം**

223 (7194) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലാ കയർ പ്രോജക്ട് ഓഫീസ് നോർത്ത് പറവൂരിൽ പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം മറ്റൊരിടത്തേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly